കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലൈ 5, തിങ്കൾ

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 1999 ജൂലൈ മാസം 5-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

1 (*281) മെഡിക്കൽ കോളേജുകളിലെ പഠന സൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ പഠനസൗകര്യങ്ങളിലുള്ള അപര്യാപ്തതകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മെഡിക്കൽ കോളേജുകളിലെ പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, (എ) പരിയാരം മെഡിക്കൽ കോളേജ് ഉൾപ്പെടെ കേരളത്തിൽ ആറ് മെഡിക്കൽ കോളേജുകളാണുള്ളത്. മെഡിക്കൽ കോളേജുകളിലെ പഠനസൗകര്യങ്ങൾ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായിട്ടാണ് ഏർപ്പെടുത്തുന്നത്. ഓരോ കോളേജും ആരംഭിക്കുന്ന ഘട്ടത്തിൽ ആദ്യത്തെ അഞ്ചു വർഷക്കാലത്തേയ്ക്ക് ഓരോ വർഷവും താൽക്കാലികമായിട്ടാണ് അംഗീകാരം ലഭിക്കുന്നത്. അതിനുശേഷം 10 വർഷത്തിലൊരിക്കലാണ് മെഡിക്കൽ കൗൺസിൽ പരിശോധന നടത്തുന്നതും അംഗീകാരം നൽകുന്നതും. കേരളത്തിലെ എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകൾക്കും ഇപ്പോൾ അംഗീകാരമുണ്ട്. അംഗീകാരം നൽകുമ്പോൾ ചെറിയ പോരായ്മകളെന്തെങ്കിലുമുണ്ടെങ്കിൽ അവ മെഡിക്കൽ കൗൺസിൽ ചൂണ്ടിക്കാണിക്കാറുണ്ട്. സ്വാഭാവികമായും അത്തരം പോരായ്മകൾ പരിഹരിക്കുന്നതിന് സർക്കാർ അപ്പോൾത്തന്നെ നടപടികൾ കൈക്കൊള്ളാറുണ്ട്. പുതുതായി ആരംഭിച്ച സ്ഥാപനമെന്ന നിലയിൽ പരിയാരം മെഡിക്കൽ കോളേജിന് ആദ്യത്തെ 5 വർഷക്കാലം ഓരോ വർഷവും അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഈ സർക്കാരിന്റെ ശ്രമഫലമായി 1998-99 വരെയുള്ള കാലത്തേയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി ഈ വർഷത്തേയ്ക്കുള്ള എം.ബി.ബി.എസ്. അഡ്മിഷൻ അംഗീകാരം ലഭിച്ചതിനുശേഷമേ നടത്താവൂ എന്ന് ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച്, ജൂലൈ അവസാന വാരം പരിശോധന നടത്തണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിനും ഇന്ത്യൻ മെഡിക്കൽ കൗൺസിലിനും കേരള സർക്കാർ അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജുകളിലെ പഠന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(1) പുതിയ തസ്തികകൾ ഘട്ടംഘട്ടമായി ഉണ്ടാക്കി അവയിൽ നിയമനം നൽകിവരുന്നു.

(2) ദുർലഭ ഇനം (scarce category) എന്ന് വിശേഷിപ്പിച്ചിട്ടുള്ള, സ്റ്റാഫ് കുറവുള്ള ക്ലിനിക്കൽ, നോൺ-ക്ലിനിക്കൽ, സൂപ്പർ സ്പെഷ്യാലിറ്റി തുടങ്ങിയ വിഷയങ്ങളിൽ ഡോക്ടർമാർക്ക് ദീർഘകാല അവധി നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് വിഭാഗങ്ങളിലും സബ്സ്റ്റിറ്റ്യൂട്ട് ലഭ്യമാകുന്നതിനനുസരിച്ചുമാത്രമേ അവധി അനുവദിക്കുന്നുള്ളൂ. ദുർലഭ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമില്ലാത്ത ലക്ചറർമാർക്ക് അത് നേടാൻ ശമ്പളത്തോടുകൂടി പഠിക്കാനുള്ള സൗകര്യവും ചെയ്യുന്നുണ്ട്.

(3) ഓരോ ബഡ്ജറ്റിലും പ്രത്യേകം ഫണ്ട് നീക്കിവച്ച് കെട്ടിട സൗകര്യങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ, ബെഡ്ഡുകൾ, ആധുനിക ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കിവരുന്നു.

(4) ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തിവരുന്നു.

(5) ഹൗസ് സർജൻസി ചെയ്യുന്നതിനുള്ള സൗകര്യം ജില്ലാജനറൽ ആശുപത്രികളിലും ഏർപ്പെടുത്തിയിട്ടുണ്ട്.

(6) പി.ജി. വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ സമ്പ്രദായം നടപ്പിലാക്കുന്നത് തത്വത്തിൽ അംഗീകരിച്ചു. ഇതു സംബന്ധിച്ച് പഠിച്ച് നിർദ്ദേശം നൽകുവാനായി ഒരു കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്.

(7) പി.ജി. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റ് വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(8) Dip-N-B വിദ്യാർത്ഥികൾക്ക് ആദ്യമായി സ്റ്റൈപ്പന്റ് നൽകി.

(സി) മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ ഇപ്പോൾ ഏറെക്കുറെ തൃപ്തികരമാണ്. ഹോസ്റ്റൽ സൗകര്യങ്ങൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗം തന്നെയാണ് മെഡിക്കൽ കോളേജുകളിൽ ഉള്ള ഒഴിവുകൾ നികത്തുക എന്നതും. ഡി.പി.സി. കൂടാത്തതിന്റെ ഫലമായും ഒഴിവുള്ള പല തസ്തികകളിലും നിയമനം നടക്കാത്തതിന്റെ ഫലമായും മെഡിക്കൽ കോളേജിൽ പല പോസ്റ്റുകളും ഒഴിഞ്ഞു കിടക്കുന്നതായി ഇവിടെ സഭയിൽത്തന്നെ പലപ്പോഴും ഉന്നയിച്ചിട്ടുള്ളതാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതുതായി തുടങ്ങിയ ന്യൂറോളജി ഡിപ്പാർട്ടുമെന്റ്, കാർഡിയോളജി, ഗൈനക്കോളജി, അനസ്തേഷ്യ തുടങ്ങിയ വിവിധ ഡിപ്പാർട്ടുമെന്റുകളിലായി നിരവധി പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. അടിയന്തിരമായി ഡി.പി.സി. കൂടി ഒഴിവുള്ള പോസ്റ്റുകളിൽ നിയമനം നടത്താനും കൂടുതലായി അദ്ധ്യാപകരെ അല്ലെങ്കിൽ പ്രൊഫസർമാരെ കിട്ടാത്ത തസ്തികകളിൽ ബദൽ സംവിധാനമെന്തെങ്കിലും ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ഗൈഡ്‌ലൈൻ അനുസരിച്ച് അനുവദിക്കേണ്ട തസ്തികകളേക്കാൾ കൂടുതലായി, നമ്മുടെ മെഡിക്കൽ കോളേജുകളിൽ മിക്കവാറും എല്ലാ മെഡിക്കൽ കോളേജുകളിലുമായി 7 തസ്തികകൾ വരെ കൂടുതലുള്ള ചില യൂണിറ്റുകളുണ്ട്. ഞാൻ ഇന്നലെ അതിന്റെ മുഴുവൻ ലിസ്റ്റും എടുത്ത് പരിശോധിക്കുകയുണ്ടായി. കാരണം മെഡിക്കൽ കോളേജുകളിലെ പഠന നിലവാരത്തിനുതകുന്ന രീതിയിൽ മാത്രമല്ല, രോഗികളുടെ എണ്ണം കൂടുന്നതുകൊണ്ടാണ് പല പ്പോഴും കൂടുതൽ തസ്തികകൾ ഇക്കാര്യത്തിൽ അനുവദിക്കേണ്ടിവരുന്നത്, യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിവരുന്നത്. അനുവദിക്കപ്പെട്ട കിടക്കകൾ തന്നെ അധികമാണ്. പല സ്ഥലത്തും അനുവദിക്കപ്പെട്ട കിടക്കകളിൽ വരുന്ന രോഗികളുടെ എണ്ണം പലപ്പോഴും ഇരട്ടിയാകുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇതിനപ്പുറമായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കേണ്ട സ്ഥിതി ഗവൺമെന്റിന് വരാറുണ്ട്. അതുപോലെതന്നെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഈ അടുത്തകാലത്താണ് ന്യൂറോ തുടങ്ങിയ ചില ഡിപ്പാർട്ടുമെന്റുകൾക്ക് തസ്തികകൾ വന്നത്. അതിലുള്ള നിയമനം നടത്താൻ നടപടി സ്വീകരിക്കുന്നതാണ്. മെഡിക്കൽ എഡ്യൂക്കേഷൻ ധാരാളം ഡി.പി.സി.കൾ കൂടേണ്ടതുണ്ട്, കഴിഞ്ഞ കുറേക്കാലമായി കൂടിയിരുന്നില്ല. ഇപ്പോഴത് തകൃതിയായി കൂടിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഒന്നുരണ്ട് കാര്യങ്ങളിൽ കേസുള്ളതുകൊണ്ട് തീരുമാനങ്ങളെടുക്കാൻ കോടതിവിധി ആവശ്യപ്പെട്ടിട്ടുണ്ട്. അത് കോടതിയിൽ നിൽക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ചില നീക്കങ്ങളുണ്ട്. ബഹുഭൂരിപക്ഷവും പൂർത്തീകരിച്ചുവരികയാണ്. കഴിയുന്നത്ര താല്പര്യം ഈ കാര്യത്തിലെടുത്തിട്ടുണ്ട്. ഡി.പി.സി. കൂടി ലിസ്റ്റ് പ്രസിദ്ധീകരിച്ച് പ്രൊമോഷൻ കൊടുത്താൽ പിന്നീട് തർക്കങ്ങളും മറ്റു പ്രശ്നങ്ങളുമുണ്ടാകില്ല. കുറേക്കാലമായി ഇവിടെ തർക്കങ്ങൾ നിലനിൽക്കുന്നു. അത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് ഡി.പി.സി. വേണമെന്ന തീരുമാനമെടുത്തത്. അതിന് ചെറിയ കാലതാമസം വന്നിട്ടുണ്ട്, അത് പരിഹരിക്കുന്നതിന് ശ്രമിക്കുകയാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, തൃശ്ശൂർ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടുതന്നെയാണ് അടുത്ത ചോദ്യവും. നമ്മുടെ കേരളത്തിലുള്ള എല്ലാ മെഡിക്കൽ കോളേജുകൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അതിന് പ്രശ്നമില്ലെന്നും ഇവിടെ പറഞ്ഞു. രണ്ടു സ്ഥലങ്ങളിലായി തൃശ്ശൂർ പട്ടണത്തിലും അവിടെനിന്നും 10 കിലോമീറ്ററകലെ മുളംകുന്നത്തുകാവിലുമായി മെഡിക്കൽ കോളേജ് കഴിഞ്ഞ 18 വർഷമായി പ്രവർത്തിക്കുന്നതിന്റെ ഫലമായി പി.ജി. കോഴ്സ് തുടങ്ങുന്നതിനും അത് തുടരുന്നതുസംബന്ധിച്ചും മെഡിക്കൽ കോളേജിന്റെ അംഗീകാരം തുടർന്ന് കിട്ടുന്നതുസംബന്ധിച്ചും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ തർക്കമുന്നയിച്ചിട്ടുണ്ട്. അവർക്ക് പരാതിയുള്ളതാണ്, പരിശോധന നടന്നിട്ടുള്ളതാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം ഈ രീതിയിൽ തുടർന്നുപോയാൽ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ അംഗീകാരം നഷ്ടപ്പെടാൻപോലും സാധ്യതയുണ്ട്. പി.ജി. കോഴ്സ് അവിടെ തുടങ്ങുന്നതിനും തടസ്സമുണ്ടാകാനുള്ള സാധ്യതകളുണ്ട്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, 1998 ഏപ്രിൽ മാസത്തിൽ കമ്മിഷൻ വന്നു. ആ കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റ് കണ്ടു. തൃശ്ശൂർ മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം ഇതുരണ്ടും ഒരേ സ്ഥലത്തു കൊണ്ടുവരേണ്ട ആവശ്യകത പറഞ്ഞിട്ടുണ്ട്. കേരളത്തിലും ഇന്ത്യയിലും മറ്റു പല സ്ഥലങ്ങളിലും ഇതുപോലെ വ്യത്യസ്തമായ നിലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജിലെ ഹോസ്പിറ്റൽ സംവിധാനമുണ്ട്. കഴിയുന്നത്ര വേഗത്തിൽ ഇതെല്ലാം ഒരേ സ്ഥലത്ത്, മുളംകുന്നത്തുകാവിൽ സ്ഥാപിക്കാനുള്ള ശ്രമം നടത്തുകയാണ്. അതിൽ പ്രധാനപ്പെട്ട ചില ബ്ലോക്കുകളുടെ പണി പൂർത്തീകരിക്കണം. 400 കിടക്കകളുള്ള 5 നില കെട്ടിടത്തിന്റെ പണി തകൃതിയായി നടക്കുകയാണ്. കുറെയൊക്കെ പൂർത്തീകരിച്ചിട്ടുണ്ട്. ഇനി ഇലക്ട്രിഫിക്കേഷൻ, വയറിംഗ്, വാട്ടർ സപ്ലൈ തുടങ്ങിയ പണികളുണ്ട്. അവിടെ ഓക്സിജന്റേഷൻ സ്കീമുണ്ടെങ്കിൽ മാത്രമേ വെള്ളം കിട്ടുകയുള്ളൂ. ഇത്തരത്തിലുള്ള ചില കാര്യങ്ങളിൽ കാലതാമസമുണ്ട്. അടുത്ത കുറെ വാർഡുകളുടെ അംഗീകാരവും ടെണ്ടർ തുടങ്ങിയ നടപടികളും പൂർത്തീകരിക്കണം. കഴിയുന്നത്ര വേഗത്തിൽ ഇത് പൂർത്തീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്.

ശ്രീ. എൻ. അനിരുദ്ധൻ : സർ, മെഡിക്കൽ കോളേജുകളിലെ ഹോസ്റ്റൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ടെന്ന് അങ്ങ് പ്രസ്താവിക്കുകയുണ്ടായി. ആലപ്പുഴ മെഡിക്കൽ കോളേജിൽ പരാധീനതകളേറെയുള്ളതാണ്. ആ മെഡിക്കൽ കോളേജിലെ മെൻസ് ഹോസ്റ്റൽ മനുഷ്യവാസയോഗ്യമല്ലാത്ത സ്ഥിതിയിലാണ്. ഈ ബഡ്ജറ്റിൽ ഇതിനു വേണ്ടി പണം വകകൊള്ളിക്കാറുണ്ട്. പക്ഷേ ഫലപ്രദമായ ഒരു നടപടിയും സ്വീകരിക്കാറില്ല. അവിടെ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് പകർച്ചവ്യാധികൾ പിടിപെടാനുള്ള സാഹചര്യങ്ങളുമുണ്ട്. ആ സ്ഥിതിക്ക് പരിഹാരം കാണുന്നതിന് അടിയന്തിര പ്രാധാന്യം നൽകി ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ആലപ്പുഴ മെഡിക്കൽ കോളേജ് ഇനിയും ധാരാളം സൗകര്യങ്ങൾ പൂർത്തീകരിക്കപ്പെടേണ്ട മെഡിക്കൽ കോളേജുകളിലൊന്നാണ്. കാരണം അവസാനം ഇത് ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുക്കുന്നതിനുമുമ്പുള്ള പഴയ കെട്ടിടങ്ങളുണ്ടായിരുന്നു. ഏറ്റെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്തതിൽ കുറെ പ്രശ്നമുണ്ട്. അതിന്റെ ഹോസ്പിറ്റൽ സൗകര്യങ്ങൾ പലതും ആലപ്പുഴ ടൗണിലാണ്. എന്നാൽ വണ്ടാനത്താണ് പുതിയ കെട്ടിടം പണി നടക്കുന്നത്. കഴിഞ്ഞ രണ്ടു വർഷക്കാലമായി ഏറ്റവും കൂടുതൽ തുക ബഡ്ജറ്റിൽ നീക്കിവച്ചത് കെട്ടിട നിർമ്മാണത്തിന് ആലപ്പുഴയിലാണ്. പ്രവൃത്തി തകൃതിയായി നടക്കുകയാണ്. ഇപ്പോൾ ആ കെട്ടിടത്തിന്റെ പണി തീരാറായി. മറ്റൊന്നിന് ഫില്ലർ നടക്കുകയാണ്. ഇതൊക്കെ പൂർത്തീകരിക്കുന്ന മുറയ്ക്ക് ലഭ്യതയനുസരിച്ച് പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. എൻ. അനിരുദ്ധൻ : സർ, മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പി.ജി. കോഴ്സിന് എൻട്രൻസ് പരീക്ഷയുണ്ട്. സാധാരണഗതിയിൽ എം.ബി.ബി.എസ്. കഴിഞ്ഞുവരുന്ന ജൂനിയർ ഡോക്ടർമാർ, അവരെ ഡ്യൂട്ടിക്കു നിയോഗിച്ചാൽ സ്വാഭാവികമായും അവർ പി.ജി. കോഴ്സിന്റെ എൻട്രൻസിനു വേണ്ടിയുള്ള പ്രിപ്പറേഷനാണ് നടത്താറുള്ളത്. അവരുടെ ഡ്യൂട്ടി നിർവ്വഹിക്കാൻ അവർക്ക് പലപ്പോഴും കഴിയുന്നില്ല. അത് ജൂനിയർ ഡോക്ടർമാരുടെ സമരത്തിനും അതുപോലെ രോഗികൾക്ക് അസൗകര്യങ്ങളുണ്ടാക്കുന്നതിനും ധാരാളം സന്ദർഭങ്ങളുണ്ടാക്കുന്നുണ്ട്. മാത്രമല്ല, അവർക്ക് പ്രായോഗിക വിജ്ഞാനം നേടുന്നതിനുള്ള സമയവുമില്ലാതെയാകുന്നു. ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണുന്നതിനുവേണ്ടി മെഡിക്കൽ പി.ജി. എൻട്രൻസ് പരീക്ഷ നിർത്തലാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, പി.ജി. എൻട്രൻസ് പരീക്ഷ നമുക്കുമാത്രമല്ല നാഷണൽ ലെവലിലുമുണ്ട്. കഴിഞ്ഞ കാലങ്ങളിൽ സ്വകാര്യ മേഖലയിലൊക്കെ പി.ജി.ക്ക് ധാരാളം കാശ് കൊടുക്കേണ്ടിവന്നിരുന്നു. സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ മിക്കവാറും സ്ഥലങ്ങളിൽ മെരിറ്റിന്റെ അടിസ്ഥാനത്തിൽ നിർവ്വഹിക്കപ്പെടുന്നതുകൊണ്ടും കേരളത്തെ സംബന്ധിച്ചിടത്തോളം 100%വും മെരിറ്റായതുകൊണ്ടും അതിൽ യോഗ്യത നേടാനുള്ള പഠന താല്പര്യം മെഡിക്കൽ ബിരുദധാരികളായ ഡോക്ടർമാരുടെ ഭാഗത്തുനിന്നുമുണ്ട്. പി.ജി. ഉണ്ടാകേണ്ടത് നമുക്കാവശ്യമാണ്. കാരണം സ്പെഷ്യാലിറ്റീസ് വകുപ്പിൽ സ്പെഷ്യാലിറ്റീസിനാവശ്യമായ ഡോക്ടർമാരുടെ ദൗർലഭ്യമുണ്ട്. ഈ സഭയിൽത്തന്നെ പല ഘട്ടങ്ങളിലും ഉന്നയിച്ചിട്ടുള്ള പ്രശ്നമാണ്. ഗ്രാമങ്ങളിലടക്കം ഗൈനക്കോളജിസ്റ്റില്ല, ഗൈനക്കോളജിസ്റ്റുകൾ വേണമെന്നുള്ള രീതിയിൽ നിലവാരമുള്ള സ്റ്റേറ്റായി നമ്മുടെ സ്റ്റേറ്റ് മാറുകയാണ്. അതുകൊണ്ട് കിട്ടാവുന്ന സന്ദർഭങ്ങളുണ്ടാക്കി സൗകര്യങ്ങളുണ്ടാക്കി കഴിയുന്നത്ര കുട്ടികളെ ബിരുദാനന്തര പഠനത്തിന് സജ്ജമാക്കുകയാണ് ലക്ഷ്യം. ആ ഘട്ടത്തിൽ അവരുടെ ഹൗസ് സർജൻസി പിരീയേഡും അതുപോലെ മറ്റ് ജൂനിയർ ഡോക്ടർമാർ ചെയ്യേണ്ടുന്ന സേവനരംഗത്ത് എന്തെങ്കിലും കുറവ് വരുന്നുവെങ്കിൽ അത് തിരുത്തുന്നതു സംബന്ധിച്ച് പരിശോധിക്കാം. എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ തിരുത്താനുള്ള നിർദ്ദേശവും കൊടുക്കാം.

ശ്രീമതി ആർ. ലതാദേവി : സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും മെച്ചപ്പെട്ട മെഡിക്കൽ കോളേജാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്. എന്നാൽ ഗവേഷണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ അതുപോലെതന്നെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പബ്ലിഷ്ഡ് വർക്കുകളുടെ കാര്യത്തിൽ മെഡിക്കൽ ജേർണലുകളിൽ എഴുതുന്ന ലേഖനങ്ങളുടെ കാര്യത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും വളരെ പിറകിലാണെന്ന് കാണാൻ സാധിക്കും. അതിന്റെ പ്രധാനകാരണം

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകർക്കും അവിടത്തെ വിദ്യാർത്ഥികൾക്കും അക്കാഡമിക് പ്രവർത്തനങ്ങളിൽ കേന്ദ്രീകരിക്കുന്നതിനുള്ള സമയക്കുറവുകൊണ്ടാണെന്ന് കാണാൻകഴിയും. അദ്ധ്യാപകരായിട്ടുള്ള പല ഡോക്ടർമാരും പ്രൈവറ്റ് പ്രാക്ടീസിലാണ് ഏർപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് അക്കാഡമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകരമായിട്ടുള്ള അദ്ധ്യാപകരുടെ പ്രൈവറ്റ് പ്രാക്ടീസ് അവസാനിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : സർ, തിരുവനന്തപുരം മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം ഇൻഡ്യയിലെ മെഡിക്കൽ കോളേജുകളിൽവച്ച് ഗുണനിലവാരം ഉയർന്നുനിൽക്കുന്ന ഒരു മെഡിക്കൽ കോളേജാണ്. ഡോക്ടർ അറോറ, ഡോ. ബാനർജി, ഡോ. സഹാനി, ഡോ. പാണ്ഡേ, ഡോ.നന്ദി, എന്നീ വിദഗ്ദ്ധന്മാരായിട്ടുള്ള ഡോക്ടർമാർ നാഷണൽ മെഡിക്കൽ ജേർണലിൽ 1996-ൽ ഇൻഡ്യയിലെ എല്ലാ മെഡിക്കൽ കോളേജുകളെക്കുറിച്ച് പഠിച്ച് വിലയിരുത്തിക്കൊണ്ട് അവരുടെ ഒരു റിസർച്ച് റിപ്പോർട്ട് പബ്ലിഷ് ചെയ്തിട്ടുള്ളതിൽ പറഞ്ഞിട്ടുള്ളത്- ഇൻഡ്യയിലെ മെഡിക്കൽ കോളേജുകളിൽവച്ച് ഏറ്റവും ഗുണനിലവാരമുള്ള മെഡിക്കൽ കോളേജുകളിലൊന്നാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നാണ്. അതുപോലെതന്നെ ഇൻഡ്യയിലെ ഏറ്റവും മികച്ച ട്രീറ്റ്മെന്റ് സംവിധാനങ്ങളുള്ള മെഡിക്കൽ കോളേജുകളുടെ കൂട്ടത്തിൽ 8-ാം സ്ഥാനത്താണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്. ഇൻഡ്യയിലെ മറ്റ് മെഡിക്കൽ കോളേജുകളൊക്കെ ട്രീറ്റുമെന്റ് സംവിധാനത്തിന്റെ കാര്യത്തിൽ നൂറാമതും നൂറ്റിയിരുപതാമതും നൂറ്റിമുപ്പതാമതുമൊക്കെ സ്ഥാനത്ത് നിൽക്കുമ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിന് 8-ാം സ്ഥാനമാണുള്ളത്. അതുകൊണ്ട് നമ്മുടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഇക്കാര്യത്തിലും മോശമൊന്നുമല്ല. പബ്ലിക്കേഷന്റെ സ്ഥാനത്ത് ഒന്നാം സ്ഥാനത്താണ്. ഇത്തരത്തിൽ പരിശോധിച്ചാൽ കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളും ഇൻഡ്യയിലെ മറ്റ് മെഡിക്കൽ കോളേജുകളെ അപേക്ഷിച്ച് എല്ലാക്കാര്യത്തിലും മുമ്പന്തിയിലാണ്. ഇക്കാര്യത്തെ സംബന്ധിച്ച ഡീറ്റെയിൽസ് അടങ്ങുന്ന ലിസ്റ്റ് എന്റെ കൈയിലുണ്ട്. അത് പരിശോധിച്ചാൽ നമുക്ക് അഭിമാനിക്കാവുന്ന രീതിയിൽത്തന്നെയാണ് ഇവിടത്തെ മെഡിക്കൽ കോളേജുകളുടെയൊക്കെ പ്രവർത്തനങ്ങളെല്ലാം നടന്നുകൊണ്ടിരിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ് എന്നാൽ നമ്മുടെ നിലവാരമനുസരിച്ച് നോക്കുമ്പോൾ കുറച്ചുകൂടി ഇക്കാര്യത്തിൽ ഉയരണമെന്നതാണ് മറ്റൊരു വസ്തുത. അതിനുള്ള ശ്രമത്തിലാണ് ഗവൺമെന്റ് മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നത്.

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചത്. ഈ പബ്ലിക്കേഷൻ രംഗത്തിന്റെ കാര്യത്തിൽ കൂടുതൽ കോൺസെൻട്രേറ്റ് ചെയ്യുന്നതിന് സഹായകരമാകുന്ന രീതിയിൽ ..... അവരിപ്പോൾ അക്കാഡമിക് കാര്യങ്ങളിൽനിന്ന് വ്യതിചലിച്ചുകൊണ്ടിരിക്കുന്നതിന്റെ പ്രധാനകാരണം അവരുടെ പ്രൈവറ്റ് പ്രാക്ടീസാണ്. അതുകൊണ്ട് ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിർത്തലാക്കുന്നതിനുവേണ്ട നടപടി സർക്കാർ സ്വീകരിക്കുമോയെന്നാണ് എന്റെ ചോദ്യം. പക്ഷേ അതിനുള്ള മറുപടിയല്ല ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത്. എന്റെ ചോദ്യത്തിനുള്ള മറുപടി കിട്ടിയതായി ഞാൻ കരുതുന്നില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലൈബ്രറി ഫെസിലിറ്റീസ് ഏറ്റവും മെച്ചപ്പെട്ട നിലയിലാണ്,

LIBRARY ARCHIVES Kerala Legislative Assembly

അത് ഏറ്റവും മെച്ചപ്പെട്ട മെഡിക്കൽ കോളേജാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. എന്നാൽ ലൈബ്രറി ഫെസിലിറ്റീസ് കുറേക്കൂടി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഇന്ന് അവിടെ പുസ്തകങ്ങളൊക്കെ പൊടിപിടിച്ചു കിടക്കുകയാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ കാര്യത്തിൽ അവയുടെ ലഭ്യതയുടെ കാര്യത്തിൽ നമ്മൾ കുറച്ചുകൂടി മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ആ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുകൂടി ഗവൺമെന്റ് മുൻകൈയെടുക്കുമോ?

മി. സ്പീക്കർ : എല്ലാത്തിനും ഒരുമിച്ച് മറുപടി പറഞ്ഞാൽ മതി.

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ഇതേക്കുറിച്ച് ഈ സഭയിൽ പലവട്ടം ഞാൻ പറഞ്ഞതുകൊണ്ടാണ് ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിർത്തലാക്കുന്ന കാര്യത്തെക്കുറിച്ച് നേരത്തെ വീണ്ടും പറയാതിരുന്നത്. ഇതുസംബന്ധിച്ചുള്ള ജയചന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിലെ അവസാനഭാഗത്തു പറയുന്നത്, പെരിഫെറൽ ആശുപത്രികളുടെ സൗകര്യ സംവിധാനം കൂട്ടുക, സീറ്റുകളുടെ എണ്ണം കൂട്ടുക, ഡോക്ടർമാർക്ക് മതിയായ ശമ്പളം കൊടുക്കുക, അവർക്ക് താമസിക്കാൻ സൗകര്യമുണ്ടാക്കിക്കൊടുക്കുക, ഇതൊക്കെ ചെയ്തതിനുശേഷം വേണം ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിർത്തലാക്കേണ്ടതെന്നാണ്. അതല്ലാതെ ഈ പറഞ്ഞ സൗകര്യങ്ങളൊന്നുമുണ്ടാകാതെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിരോധിച്ചാൽ അത് ആത്മഹത്യാപരമായിരിക്കുമെന്നാണ് ജയചന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ കൺക്ലൂഷൻ ഭാഗത്ത് പറഞ്ഞിരിക്കുന്നത്. അതുപോലെ പ്രൈവറ്റ് പ്രാക്ടീസ് നിരോധിക്കുന്നതിനെക്കുറിച്ച് ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് പ്രൈവറ്റ് പ്രാക്ടീസ് നിരോധിക്കലിന് തുടക്കം കുറിക്കേണ്ടത് ആർ.സി.സി.യിൽ നിന്നാണെന്നാണ്. അതുപോലെ ആർ.സി.സി.യിലെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിരോധിക്കണം. അവിടെ പേ ക്ലിനിക് തുടങ്ങണമെന്നൊക്കെ നിർദ്ദേശങ്ങൾ വച്ചു. നമ്മൾ ആ നിർദ്ദേശങ്ങൾ ഇപ്പോൾ ആർ.സി.സി.യുടെ കാര്യത്തിൽ നടപ്പിലാക്കി. പേ ക്ലിനിക്കിനെ സംബന്ധിച്ച് അവിടെ തർക്കം വരുന്നുണ്ട്. ഞാൻ എന്തായാലും ഇപ്പോൾ അതിലേക്ക് പോകുന്നില്ല. ഇപ്പോൾ സർക്കാർ ചെയ്തിട്ടുള്ളതൊക്കെ ജയചന്ദ്രൻ കമ്മിഷന്റെ റിപ്പോർട്ടിന്റെ ഭാഗമായിട്ട് ഗവൺമെന്റ് ചെയ്തിട്ടുള്ള നടപടികളാണ്. എന്നാൽ പേ ക്ലിനിക്ക് തുടങ്ങുന്ന കാര്യം ആർ.സി.സി.യിൽ നടപ്പിലാക്കി. അത് പരിശോധിച്ചുവരികയാണ്. ആർ.സി.സി.യിൽ തുടങ്ങിയിട്ടുള്ള പേ ക്ലിനിക്കിനെ സംബന്ധിച്ച് ഒറ്റപ്പെട്ട രീതിയിൽ പരാതികൾ വന്നപ്പോൾ അതേക്കുറിച്ച് അന്വേഷിപ്പിക്കാൻ ഏർപ്പാട് ചെയ്യുകയുണ്ടായി. പ്രൈവറ്റ് പ്രാക്ടീസ് നിരോധിച്ചിട്ട് ഡോക്ടർമാർക്ക് ഉയർന്ന വേതനം കൊടുത്തിട്ട് വല്ലവരും അതിൽനിന്ന് വ്യത്യസ്തമായി വ്യതിചലിക്കുന്നുണ്ടോയെന്ന കാര്യങ്ങളൊക്കെ പരിശോധിച്ചശേഷമേ കേരളത്തിലെ ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിരോധിക്കുന്നതിനെക്കുറിച്ച് പരിശോധിക്കാൻ കഴിയൂ. പലവട്ടം ഇതേക്കുറിച്ച് പരിശോധിച്ചിട്ടുമുണ്ട്. ഗവൺമെന്റിന്റെ ആത്യന്തികമായ ലക്ഷ്യം ഗവൺമെന്റ് ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിരോധിക്കുകയെന്നുള്ളതാണ്. അതാണ് ഗവൺമെന്റിന്റെ നയപരമായ തീരുമാനം. പക്ഷേ ഘട്ടംഘട്ടമായി ഇതെല്ലാം ഉണ്ടാക്കിയിട്ട് അതു ചെയ്യാതെ പോയാൽ രോഗികളെയും സ്ഥാപനങ്ങളെയും അത് ബാധിക്കുമെന്നകാര്യം കണ്ടുകൊണ്ടേ അതേക്കുറിച്ച് തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, നമ്മുടെ സംസ്ഥാനത്തുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും ബിരുദാനന്തര പഠന കോഴ്സുകൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ടോ; ബ്ലഡ് ബാങ്കിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പി.ജി. കോഴ്സ് ഇപ്പോൾ കേരളത്തിൽ വല്ല മെഡിക്കൽ കോളേജിലുമുണ്ടോ; ഇപ്പോൾ ഒരിടത്തുമില്ലായെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ബ്ലഡ് ബാങ്കിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പി.ജി. കോഴ്സ് നമ്മുടെ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, ഇവിടെ പി.ജി. കോഴ്സുകൾ തുടങ്ങുന്നതിനെക്കുറിച്ചാണ് ചോദിച്ചത്. പി.ജി. കോഴ്സുകൾ ഇനിയും തുടങ്ങാനുള്ളത് ആലപ്പുഴയിലെയും തൃശ്ശൂരിലെയും മെഡിക്കൽ കോളേജുകളിലാണ്. തിരുവനന്തപുരത്ത് ഇപ്പോൾത്തന്നെ 82 പി.ജി. കോഴ്സുകളുണ്ട്. 61 ഡിപ്ലോമാ കോഴ്സുകളുമുണ്ട്. 61 ഡിപ്ലോമാ കോഴ്സുകൾക്കും 82 പി.ജി. കോഴ്സുകൾക്കുമാണ് തിരുവനന്തപുരത്ത് മെഡിക്കൽ കോളേജിൽ സീറ്റുള്ളത്. അതുപോലെതന്നെ കോഴിക്കോട് മെഡിക്കൽ കോളേജിൽ 62 പി.ജി. കോഴ്സുകളുടെ സീറ്റുണ്ട്, 52 ഡിപ്ലോമാ കോഴ്സുകൾക്കും സീറ്റുകളുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ 34 പി.ജി. കോഴ്സുകളുണ്ട്, അത്രയും സീറ്റുമുണ്ട്, അതുപോലെ ഡിപ്ലോമാ കോഴ്സ് 24 എണ്ണമുണ്ട്, അത്രയും സീറ്റുമുണ്ട്. ആലപ്പുഴയിൽ ഇപ്പോൾ രണ്ടെണ്ണം മാത്രമേയുള്ളൂ. അതുപോലെതന്നെ തൃശ്ശൂർ മെഡിക്കൽ കോളേജിലും രണ്ടെണ്ണം മാത്രമേയുള്ളൂ. അവിടെ രണ്ടിടത്തും കൂടുതലായിട്ട് ഇനി പി.ജി. കോഴ്സുകളും ഡിപ്ലോമാ കോഴ്സുകളും തുടങ്ങേണ്ടതായിട്ടുണ്ട്. ബ്ലഡ് ബാങ്ക് വിദ്യാഭ്യാസത്തിനായി പുതിയ പി.ജി. കോഴ്സുകൾ ഇനിയും തുടങ്ങേണ്ടതായിട്ടുണ്ട്. ഇവിടെ ഏറ്റവും കൂടുതൽ പുതിയ കോഴ്സുകൾക്കുവേണ്ടി സമ്മർദ്ദം വരുന്നത് സൂപ്പർ സ്പെഷ്യാലിറ്റിക്കും അതുപോലെതന്നെ സ്പെഷ്യാലിറ്റി കോഴ്സുകൾക്കുംവേണ്ടിയാണ്. പ്രത്യേകിച്ചും ഗൈനക്കോളജി, പീഡിയാട്രീഷൻ തുടങ്ങിയ കോഴ്സുകൾ ആരംഭിക്കണമെന്നു പറഞ്ഞുകൊണ്ടാണ് സമ്മർദ്ദം കൂടുതലായിട്ട് വന്നിട്ടുള്ളത്. ജനങ്ങളുമായി ബന്ധപ്പെട്ട് നേരിട്ട് ബന്ധപ്പെടുന്ന ബിരുദാനന്തര പഠനം ലഭിച്ചിട്ടുള്ള ഡോക്ടർമാരുടെ സേവനം വേണമെന്ന് പ്രാദേശികതലത്തിൽപ്പോലും ഡിമാന്റ് വരുന്നതുകൊണ്ട് അത്തരം കാര്യങ്ങളിൽ ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കാറുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച ബ്ലഡ് ബാങ്കുമായി ബന്ധപ്പെട്ട് പി.ജി. കോഴ്സ് ആരംഭിക്കുന്ന കാര്യത്തെക്കുറിച്ച് നമുക്ക് പരിശോധിക്കാം.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, പി.ജി. റസിഡൻസി സിസ്റ്റം നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് നമ്മുടെ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരേ സ്വരത്തിൽ ആവശ്യപ്പെടുന്ന ഒരു സംഗതി പരിഗണിച്ചാണ് ഒരു കമ്മിറ്റി രൂപവൽക്കരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചത്. ആ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതിന്റെ റിപ്പോർട്ട് ഗവൺമെന്റിന് എന്നത്തേയ്ക്ക് ലഭ്യമാക്കണമെന്നാണ് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് പറയുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, പി.ജി. റസിഡൻസി സിസ്റ്റം പ്രായോഗികമായി ഒരു സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം കുട്ടികളുടെ പഠനത്തിനും അതുപോലെതന്നെ രോഗികളുടെ സംരക്ഷണത്തിനും ഉതകുന്നതാണ്. ഇതിലെയും പ്രധാനപ്പെട്ട ഘടകം സാമ്പത്തിക ഘടകംതന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഹോസ്റ്റൽ സൗകര്യം, മറ്റു സൗകര്യങ്ങൾ ഇതൊക്കെ പൂർത്തീകരിക്കണം. ഏതായാലും ഇക്കാര്യം ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആ കാര്യം തത്വത്തിൽ അംഗീകരിച്ചതുകൊണ്ട് അതേക്കുറിച്ച് പരിശോധിക്കാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആറുമാസത്തിനകം ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിലേക്ക് തരണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്. ആ റിപ്പോർട്ട് കിട്ടിയിട്ട് അതേക്കുറിച്ച് പഠിച്ചശേഷം അതിന്മേൽ തീരുമാനമെടുക്കും. പക്ഷേ സാമ്പത്തിക ലഭ്യതയനുസരിച്ച് മാത്രമേ അക്കാര്യത്തിൽ അവസാന തീരുമാനം എടുക്കാൻ കഴിയൂ. ഏതായാലും എവിടെയെങ്കിലും അതിന് തുടക്കംകുറിച്ചുകൊണ്ട് ഇത് ഘട്ടംഘട്ടമായി ഏതെങ്കിലും വിഭാഗം തുടങ്ങിക്കൊണ്ടാണ് അത്തരം റസിഡൻസി സിസ്റ്റം തുടങ്ങാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, മെഡിക്കൽ കൗൺസിലിന്റെ ഗൈഡ്ലൈൻസ് അനുസരിച്ച് നമ്മുടെ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം കിട്ടിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരത്തിൽ വ്യക്തമാക്കുകയുണ്ടായി. എന്നാൽ ചില സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്ക് എക്വിപ്മെന്റ്സ്, അതുപോലെ സ്ഥലപരിമിതി മറ്റ് അനുബന്ധമായ മറ്റുകാര്യങ്ങളുടെയൊക്കെ അപര്യാപ്തതമൂലം മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ നിർദ്ദേശിച്ചിട്ടുള്ള റഗുലേഷൻസ് കംപ്ലൈ ചെയ്യാത്തതുകൊണ്ട് അവയ്ക്ക് അംഗീകാരം കിട്ടുന്നില്ലായെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്കുകൂടി അംഗീകാരം ലഭിക്കത്തക്ക നിലയിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : സർ, പി.ജി. കോഴ്സുകളെ സംബന്ധിച്ചിടത്തോളം ചില അവസരത്തിൽ ചില പോരായ്മകളൊക്കെ ചൂണ്ടിക്കാണിക്കപ്പെടാറുണ്ട്. സാധാരണ മെഡിക്കൽകോളേജിൽ അണ്ടർ ഗ്രാജുവേറ്റ്സ് എം.ബി.ബി.എസ്. കോഴ്സിനെ സംബന്ധിച്ചിടത്തോളം പത്തുകൊല്ലത്തിലൊരിക്കലാണ് മെഡിക്കൽ കൗൺസിലിന്റെ കമ്മിഷൻ വരുന്നത്. ആ കമ്മിഷൻ വന്നുകഴിഞ്ഞാൽ അവർ അതിന്റെ റിപ്പോർട്ട് നമുക്ക് തരും. ആ റിപ്പോർട്ടിലെ ശുപാർശകൾ ഓരോന്നോരോന്നായിട്ട് പരിഹരിക്കാൻ ശ്രമിക്കും. വീണ്ടും പത്ത് കൊല്ലമാകുമ്പോൾ വീണ്ടും കമ്മിഷൻ വരും. അങ്ങനെ അവരുടെ അംഗീകാരം കിട്ടിക്കൊണ്ടാണ് ഇത് ചെയ്യുന്നത്. മിക്കവാറും ഏറെക്കുറെ നമുക്ക് അതിന്റെ റിക്വയർമെന്റ്സ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പി.ജി. കോഴ്സിനെ സംബന്ധിച്ചിടത്തോളം പല മെഡിക്കൽ കോളേജിലെയും എക്വിപ്മെന്റ്സ് അടക്കമുള്ള കാര്യങ്ങൾ ഉദാഹരണത്തിന് ഓർത്തോ വിഭാഗത്തിന്റെ ചില കാര്യങ്ങളൊക്കെ വരുമ്പോൾ അവിടെയൊക്കെയുള്ള ബുദ്ധിമുട്ട് സ്കാനർ പോലുള്ള ആധുനിക ഉപകരണങ്ങൾപോലും നമ്മുടെ മെഡിക്കൽ കോളേജുകളിൽ പലസ്ഥലത്തും ഇല്ല. കേരളത്തിൽ രണ്ട് മെഡിക്കൽ കോളേജുകളിൽ മാത്രമേ അത് ഇപ്പോഴുള്ളൂ. മൂന്നാമതായി ആലപ്പുഴ മെഡിക്കൽ കോളേജിൽ അത് ഉണ്ടാകാൻ പോവുകയാണ്. തൃശ്ശൂരും കോട്ടയത്തും ആ സജ്ജീകരണങ്ങൾ ഇനിയും ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ആ രീതിയിലുള്ള ചില വിഷമങ്ങളുണ്ട്. അത് പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആ സജ്ജീകരണങ്ങൾ കൂടി ഉണ്ടായിക്കഴിഞ്ഞാൽ പുതിയ കോഴ്സുകൾ തുടങ്ങാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു : സർ, ഹൗസ് സർജൻസിയുടെ ഭാഗമായി ജില്ലാ ആശുപത്രികളിലും അതിനുള്ള സൗകര്യങ്ങൾ കൊടുക്കുന്നുണ്ടെന്ന് ഇവിടെ അങ്ങ് പറയുകയുണ്ടായി. എന്നാൽ ഹൗസ് സർജൻസി കംപ്ലീറ്റ് ചെയ്യുമ്പോൾ ജില്ലാ ഹോസ്പിറ്റലിലെ സേവനം ആ ഡോക്ടർമാർക്ക് നിർബന്ധിതമാക്കത്തക്കനിലയിൽ കേരളത്തിലുടനീളം അത് വ്യാപകമാക്കത്തക്ക നിലയിൽ അതിന്റെ ഭാഗമായി ജില്ലാ ആശുപത്രികളിലും ഹൗസ് സർജൻസി നടത്തുന്ന ഡോക്ടർമാർ അവരുടെ സേവനമനുഷ്ഠിച്ചിരിക്കണമെന്ന രീതിയിൽ ആവശ്യമായ ക്രമീകരണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, അത് പരിശോധിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ നേരത്തെ തന്നെ ഇതേക്കുറിച്ച് മറുപടി പറഞ്ഞത്. ഇക്കൊല്ലം ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അപേക്ഷയുടെ പ്രോസ്പെക്ടസിൽ തന്നെ റൂറൽ സർവ്വീസ്കൂടി വേണമെന്ന കണ്ടീഷൻ വച്ചുകൊണ്ട്തന്നെയാണ് പുതുതായി എം.ബി.ബി.എസ്.-ന് സെലക്ഷൻ നടത്തുന്നത്. അതുപോലെതന്നെ പി.ജി. കോഴ്സിന് 2000-2001 വർഷം മുതൽ ഇത്തരത്തിൽ ഗ്രാമപ്രദേശങ്ങളിൽ അനുഷ്ഠിച്ചിട്ടുള്ള സർവ്വീസിനുകൂടി പരിഗണന കൊടുക്കാനുള്ള നടപടി സ്വീകരിച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പാലോട് രവി : സർ, പഠനനിലവാരത്തിൽ കേരളത്തിലെ മെഡിക്കൽ കോളേജുകൾ ഇൻഡ്യയിലെ മറ്റു മെഡിക്കൽ കോളേജുകളെ അപേക്ഷിച്ച് 8-ാം സ്ഥാനത്താണ് നിൽക്കുന്നതെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. ഇക്കാര്യം മെഡിക്കൽ കൗൺസിലിലെ മി. അറോറ അടക്കമുള്ളവർ ഉൾപ്പെടുന്ന കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടെന്നും അങ്ങ് പറഞ്ഞു. എന്നാൽ നമ്മുടെ സംസ്ഥാനത്തെ പരിചയസമ്പന്നരായ പല ഡോക്ടർമാരും സർക്കാർ സർവ്വീസിൽനിന്നും ഡെപ്യൂട്ടേഷൻ വാങ്ങി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നുണ്ട്. അതുകൊണ്ട് വിദഗ്ദ്ധന്മാരായിട്ടുള്ള ഡോക്ടർമാരുടെ സേവനം നമ്മുടെ നാടിന് ലഭ്യമാകാതെ പോകുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അതുകൊണ്ട് വിദഗ്ദ്ധന്മാരായ ഡോക്ടർമാർ ഡെപ്യൂട്ടേഷനിൽ വിദേശരാജ്യങ്ങളിലേക്ക് പോകുന്നത് നിർത്തലാക്കണം. ആർ.സി.സി.യിൽ അങ്ങ് പരീക്ഷണാർത്ഥം ആരംഭിച്ച പേ ക്ലിനിക്ക് സംവിധാനം അതൊരു പരാജയമാണെന്ന് അവിടത്തെ ഡോക്ടർമാർ അങ്ങയേയും മുഖ്യമന്ത്രിയേയും വന്നുകണ്ട് പറഞ്ഞു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ നമ്മുടെ പേ ക്ലിനിക്ക് സംവിധാനം പരാജയമാണെന്ന് അവർക്ക് ബോദ്ധ്യം വന്നിട്ടുണ്ടെങ്കിൽ അത് നിർത്തലാക്കാൻ കൂടി വേണ്ട നടപടി അങ്ങ് സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, അവർ പറയുന്നത് ഇതു സംബന്ധിച്ച് അത്ര ആളുകൾ അവിടെ ട്രീറ്റ്മെന്റിനുവേണ്ടി വരുന്നില്ലായെന്നാണ്. ഇതേക്കുറിച്ച് എനിക്കു പറയാനുള്ളത് അവിടെ അത്രയധികം ആളുകൾ ട്രീറ്റ്മെന്റിനായി വരാത്തതുകൊണ്ട് മാത്രം അതൊരു പരാജയമാണെന്ന് പറയാനൊക്കുകയില്ലാ എന്നാണ്. ഇപ്പോൾ ആ വിഭാഗത്തിലേക്ക് വരുന്നവരുടെ എണ്ണം കൂടിവരികയാണ്. അവിടത്തെ സൗകര്യമനുസരിച്ച് നമ്മൾ അത് അഡ്ജസ്റ്റ് ചെയ്യാനായി ശ്രമിച്ചുവരികയാണ്. ഏതെങ്കിലും ഒരു പ്രത്യേക ഡോക്ടറെ ഒരു പ്രത്യേകരോഗിക്ക് ഇന്നദിവസം കാണണമെന്നുണ്ട്, അതേസമയം അദ്ദേഹം ദൂരെ എവിടെയെങ്കിലുമാണെങ്കിൽ ആ രോഗിക്ക് വീണ്ടും അവിടെ വരേണ്ടിവരുന്നു. അന്ന് അദ്ദേഹത്തിന്റെ ഒ.പി. അല്ല, ഈ ഡോക്ടറെത്തന്നെ അവർക്ക് കാണണമെന്നുണ്ടെങ്കിൽ ഇന്ന് ആ രോഗിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആ ഡോക്ടറുടെ വീട്ടിൽപ്പോയി അദ്ദേഹത്തെ കാണാനൊക്കുകയില്ല. അവർ അവിടെ അന്ന് ഡ്യൂട്ടിയിലില്ല എന്നതുകൊണ്ടാണ് കാണാൻ കഴിയാതെ വരുന്നത്. ആ ഒരു സൗകര്യത്തിനുവേണ്ടിയാണ് ഈ സിസ്റ്റം ഉണ്ടാക്കിയത്. അതുകൊണ്ട് ഇത് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നോക്കിയാൽ ഒരുപക്ഷേ ആറേഴുലക്ഷം രൂപയ്ക്കുള്ള ട്രീറ്റുമെന്റ് വേണ്ടിവരികയാണെങ്കിലും ആ ആറേഴുലക്ഷം രൂപ അവിടത്തെ ഡോക്ടർമാർക്കല്ല, ആ സ്ഥാപനത്തിനാണ് ലഭിക്കുന്നത്. അവർക്ക് ഉദ്ദേശിച്ചവിധത്തിലുള്ള വരുമാനം പേ ക്ലിനിക്കിൽനിന്നും ഉണ്ടായില്ല. രോഗികളുടെ എണ്ണം കുറഞ്ഞുവരികയാണ് എന്നതാണ് കാരണം. പ്രായോഗികമായി അങ്ങനെ എതിർപ്പൊക്കെ വരുമ്പോൾ എന്തിനാണ് അത് എന്ന ചോദ്യം വരുന്നു. ഈ എതിർപ്പ് എന്നുപറയുന്നത് എന്താണെന്ന് ആലോചിച്ചിട്ടുവേണ്ടേ തീരുമാനിക്കാൻ. എതിർപ്പു വന്നതുകൊണ്ടുമാത്രം ആ സിസ്റ്റം മാറ്റാൻ സാധിക്കുകയില്ല. എതിർപ്പിന്റെ ഫലമായി രോഗികൾക്ക്, അതുപോലെ തന്നെ ആ സ്ഥാപനത്തിന് എന്തു ദോഷമുണ്ടാകുന്നു എന്ന് പരിശോധിച്ചിട്ടുവേണം അത് തുടരണമോ, നിർത്തലാക്കണമോ എന്ന് തീരുമാനിക്കേണ്ടത്. അതുകൊണ്ടാണ് ഗവൺമെന്റ് ഇക്കാര്യത്തിന്മേൽ ഒരു തീരുമാനമെടുക്കാത്തത്. ഏതായാലും ഗവൺമെന്റ് ഇന്നിയും ഇത് പരിശോധിക്കുന്നതാണ്. തുടക്കത്തിൽ തന്നെ ഞാൻ പറഞ്ഞു, ഇതൊരു തുടക്കം മാത്രമാണെന്ന്. അതിന്റെ പ്രവർത്തനം വരുമ്പോൾ തീർച്ചയായിട്ടും അതേക്കുറിച്ച് പരിശോധിക്കേണ്ടതായിവരും. തിരുത്തേണ്ട സമയത്ത് അത് തിരുത്തേണ്ടിവരും. ഗവൺമെന്റിന് തിരുത്തൽ വരുത്തുന്നതിന് യാതൊരു മടിയുമില്ല. കാരണം തിരുത്തേണ്ടത് തിരുത്തപ്പെടേണ്ടതാണ്. മുൻകാലങ്ങളിൽ ചെയ്തിട്ടുള്ളത് പലതും ഈ ഗവൺമെന്റ് തിരുത്തിയിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യം കൂടി അറിഞ്ഞിട്ടേ അതേക്കുറിച്ച് പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. പി. വിശ്വൻ</u> : സർ, പുതിയതരം രോഗങ്ങളും രോഗികളും ഇപ്പോൾ വർദ്ധിച്ചുവരികയാണ്. ആ രോഗികളെ സംബന്ധിച്ച് അതിന്റെ രോഗാണുക്കളെ കണ്ടുപിടിക്കാനുള്ള ഗവേഷണത്തിന് ഉതകുന്ന രൂപത്തിൽ ഈ രോഗത്തിന് ചികിത്സിക്കത്തക്ക രൂപത്തിൽ ഡോക്ടർമാരെ പ്രോത്സാഹിപ്പിക്കത്തക്കവിധത്തിൽ നിലവിലുള്ള സിലബസ്സിൽ പ്രത്യേകത വരുത്താനും മാറ്റമുണ്ടാക്കാനും മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് പുതിയ മുന്നേറ്റമുണ്ടാക്കാനും വേണ്ടിയുള്ള നടപടികളെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : സർ, ദേശീയാടിസ്ഥാനത്തിലും സംസ്ഥാനാടിസ്ഥാനത്തിലും വിശദമായി ഇക്കാര്യങ്ങളെക്കുറിച്ച് ചർച്ചകളും സെമിനാറുകളുമൊക്കെ നടത്തുകയും അതിൽനിന്നും ഉരുത്തിരിഞ്ഞുവരുന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് നടപടികൾ സ്വീകരിക്കുകയും ഇതേക്കുറിച്ച് തീർച്ചയായും പരിശോധിപ്പിക്കുകയും ചെയ്യാമെന്ന് മാത്രമേ ഇപ്പോൾ പറയാൻ കഴിയൂ.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, നമ്മുടെ നാട്ടിൽ ഇപ്പോൾ എല്ലാത്തിനും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ കാലമാണ്. മനുഷ്യ ശരീരത്തിന് ഡോക്ടർ ഇല്ല, അവയവങ്ങൾക്കേ ഡോക്ടർ ഉള്ളൂ. ഓരോ അവയവങ്ങൾക്കും സ്പെഷ്യലിസ്റ്റുകളാണ്. അങ്ങനെ വന്നപ്പോൾ കാർഡിയോളജി, ശിശുവിഭാഗം, ഗൈനക്കോളജി തുടങ്ങിയ വിഭാഗങ്ങളിലാണ് രോഗികൾ കൂടുതൽ വരാൻ സാദ്ധ്യതയുള്ളത്. അതുകൊണ്ട് ആ മേഖലയ്ക്കാണ്

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാരുടെ കൂടുതൽ പ്രയോറിറ്റി സ്വാഭാവികമായും ഇതിൽ ഗവൺമെന്റിന്റെ ശ്രദ്ധ വരുന്നില്ല. അതുകൊണ്ട് അതിന് തത്തുല്യമായ ഒരു ശ്രദ്ധ മറ്റ് ചികിത്സാ മേഖലയിൽ വരാത്തതുകൊണ്ട് പഠനസൗകര്യങ്ങളെയും പൊതുജനങ്ങളെയും ബാധിച്ചിട്ടുണ്ട്, അതിന്റെ ഭാഗമായി ഡോക്ടർമാരുടെ ദൗർലഭ്യവുമുണ്ട്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്, ഹൃദ്രോഗ ചികിത്സ, കിഡ്നി ട്രാൻസ്പ്ലാന്റേഷൻ, ന്യൂറോളജി, നെഫ്രോളജി തുടങ്ങിയവയ്ക്ക് പുതിയ പുതിയ സൂപ്പർ സ്പെഷ്യാലിറ്റീസ് ഡോക്ടർമാർ വന്നപ്പോൾ ജനറൽ മെഡിസിനുള്ള ശ്രദ്ധയേ കുറഞ്ഞുപോകുന്നുവെന്നുള്ള പരാതി ഉയർന്നുവന്നിട്ടുണ്ട്. ജനങ്ങളെ സംബന്ധിച്ചിടത്തോളം ജനറൽ മെഡിസിൻ ഈ സ്പെഷ്യാലിറ്റികളെപ്പോലെ തന്നെ ഗൗരവതരമായി കാണേണ്ടതാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ ജനറൽ മെഡിസിന് ഒരു കുറവും വരുത്താതിരിക്കുവാൻ ഗവൺമെന്റ് ശ്രമം നടത്തുന്നതാണ്.

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽത്തന്നെ നമ്മുടെ സംസ്ഥാനത്ത് ബിരുദാനന്തര പഠനത്തിന് വളരെ പരിമിതമായിട്ടുള്ള സൗകര്യമേയുള്ളുവെന്ന് പറഞ്ഞു. ആലപ്പുഴ മെഡിക്കൽ കോളേജിൽ സർജറിക്കുമാത്രമാണ് ആകെ രണ്ട് സീറ്റുള്ളത്. നമ്മുടെ സംസ്ഥാനത്ത് ബിരുദാനന്തര പഠനത്തിന് സൗകര്യമില്ലാത്തതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിലേക്ക് കുട്ടികൾ പോകാൻ നിർബന്ധിതരാകുകയാണ്. നമ്മുടെ നിയമസഭയുടെ പരിസ്ഥിതി സമിതി തന്നെ ആലപ്പുഴ മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം ഈ സഭയിൽ റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. റിപ്പോർട്ടിൽ ഏറ്റവും അടിയന്തിരമായി 11 ഫാക്കൽറ്റീസിലെങ്കിലും ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കണമെന്ന് പറഞ്ഞിരുന്നു. അതിനെ സംബന്ധിച്ച് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, നിയമസഭയിൽ ഉന്നയിക്കപ്പെട്ട ആവശ്യവും, കമ്മിറ്റിയുടെ റിപ്പോർട്ടും, ആലപ്പുഴയിലെ പൊതുജനങ്ങളുടെയും കുട്ടികളുടെയും ഭാഗത്തുനിന്നും വന്നിട്ടുള്ള അഭിപ്രായങ്ങളും കണക്കിലെടുത്ത് ഗവൺമെന്റ് ഗൗരവതരമായ നടപടി സ്വീകരിച്ചു. എട്ട് പി.ജി. കോഴ്സുകൾ തുടങ്ങുന്നതിനുള്ള തീരുമാനമായി. അതിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിനോട് അംഗീകാരം ആവശ്യപ്പെട്ടു. ഇപ്പോൾ അഞ്ച് എണ്ണത്തിന് അംഗീകാരം കിട്ടി. മൂന്നെണ്ണത്തിന് ചില കണ്ടീഷൻസ് പറഞ്ഞു. അംഗീകാരം കിട്ടും. ഈ വരുന്ന 19-ാം തീയതി ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ ഡെൽഹിയിൽ പോകും. ആ യോഗതീരുമാനവും കൂടി അറിഞ്ഞാൽ എട്ട് പി.ജി. കോഴ്സുകൾ ഇക്കൊല്ലം ഇവിടെ തുടങ്ങും.

ശ്രീ. കെ. ബാബു : സർ, നമ്മുടെ സംസ്ഥാനത്ത് മെഡിക്കൽ/പാരാമെഡിക്കൽ കോഴ്സുകളിൽ പഠിക്കുന്നതിന് പഠനസൗകര്യം കുറവായതുകൊണ്ട് നൂറുകണക്കിന് കുട്ടികൾ മറ്റ് സംസ്ഥാനങ്ങളിൽ പോയി ഭീമമായ സംഖ്യ ഫീസുകൊടുത്ത് പഠിക്കുകയാണ്. ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഈ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; അങ്ങനെ ആലോചിക്കുമ്പോൾ സ്വകാര്യ മേഖലയുടെ പങ്ക് എന്തായിരിക്കുമെന്നുകൂടി വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, അതുസംബന്ധിച്ചുള്ള ഗവൺമെന്റിന്റെ നയം ഇവിടെ പറഞ്ഞിട്ടുണ്ട്. സ്വകാര്യമേഖലയിൽ മെഡിക്കൽ കോളേജ്, കോ-ഓപ്പറേറ്റീവ് കോളേജ്, ഗവൺമെന്റിന്റെ നിയന്ത്രണമുള്ള ആട്ടോണമസ് ബോഡിയായ ദേവസ്വംബോർഡ്, അത്തരം സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം, അത്തരം സ്ഥാപനങ്ങളുടെ കീഴിൽ ഇത്തരം കോഴ്സുകൾ തുടങ്ങുന്നതിന് നിർദ്ദേശമുണ്ടായാൽ ഗവൺമെന്റ് പരിശോധിക്കും. അതിന്റെയടിസ്ഥാനത്തിലുള്ള നടപടികളിലേക്ക് നീങ്ങുമെന്ന് നേരത്തെതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇനിയും ധാരാളം കോഴ്സുകൾ തുടങ്ങണം. അദ്ദേഹം ചൂണ്ടിക്കാണിച്ചത് ശരിയാണ്. ധാരാളം കേരളീയർ കേരളത്തിന് പുറത്തുപോയി പഠിക്കുന്നുണ്ട്. ഇവിടെ മെഡിക്കൽ കൗൺസിലിന്റെ മാൻഡേറ്ററി വ്യവസ്ഥകളുണ്ട്. മറ്റു സ്റ്റേറ്റുകളിൽ അതൊന്നും പാലിക്കാതെ അംഗീകാരം വാങ്ങുന്നു. കേരളത്തിൽ ഇത്തരം ഇളവ് അനുവദിക്കുവാൻ പറ്റുകയില്ല. നമുക്ക് അതിന്റെ നിലവാരമൊക്കെ നോക്കേണ്ടതായിട്ടുണ്ട്. അതാണ് പ്രശ്നം. ഈ കാര്യത്തിൽ ഒരു സമ്പൂർണ്ണത വേണം എന്ന് നിർബന്ധമുള്ളതുകൊണ്ട് ഇതെല്ലാം പൂർത്തീകരിച്ചേ ഇവിടെ സ്ഥാപനം തുടങ്ങാൻ പറ്റുകയുള്ളൂ. മറ്റ് പല സ്റ്റേറ്റുകളിലും അതല്ല, ആ ഒരു വ്യത്യാസം ഈ കാര്യത്തിലുണ്ട്.

ഡോ. കെ.സി. ജോസഫ് : സർ, മെഡിക്കൽ വിദ്യാഭ്യാസരംഗത്ത്, നമ്മുടെ മെഡിക്കൽ കോളേജുകളിൽ നല്ല അദ്ധ്യാപകരുടെ സേവനം ലഭ്യമാകാതിരിക്കാൻ കാരണം ഇവിടെ പഠിപ്പിച്ചില്ലെങ്കിലും എല്ലാ പ്രൊമോഷനും ലഭ്യമാകുമെന്നുള്ളതിനാൽ ഇവിടെ സർവ്വീസിൽ പ്രവേശിക്കുകയും പിറ്റേ ദിവസം വിദേശത്ത് എൽ.ഡബ്ല്യു.എ.യായി പോകുകയും പ്രൊമോഷന് തൊട്ടുമുമ്പുള്ള ദിവസം ഇവിടെ വന്ന് ജോയിൻ ചെയ്തിട്ട് അതിനടുത്ത ദിവസം പോകുകയും ചെയ്യുകയാണ് പതിവ്. അതേസമയം സ്ഥിരമായി പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് അതിനർഹമായ പരിഗണന ലഭിക്കാതിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. നല്ല അദ്ധ്യാപകരെ ഇവിടെ നിലനിർത്തുന്നതിന് ഈ നടപടി സഹായകരമല്ല. പുറത്ത് പോകേണ്ടിവരുന്ന അദ്ധ്യാപകർക്ക് പ്രൊമോഷൻ പോലുള്ള അവസരം നഷ്ടപ്പെടുത്തണം, അവർക്ക് ശമ്പളം കൊടുക്കുന്നതിന് കുഴപ്പമില്ല, പക്ഷെ പ്രൊമോഷൻ കൊടുക്കുകയില്ല എന്ന് ഉറപ്പുവരുത്തത്തക്കവിധത്തിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, വെളിയിൽ പോകുന്നവർക്ക് എൽ. ഡബ്ല്യു.എ.യായി ലീവ് വിത്ത് ഔട്ട് അലവൻസ് കൊടുക്കുന്നത്. ആദ്യം അഞ്ച് വർഷമായിരുന്നു. എന്നാൽ മാറി മാറി ഭരിച്ച ഗവൺമെന്റുകൾ അത് ഇപ്പോൾ ഇരുപത് കൊല്ലംവരെയാക്കിയിട്ടുണ്ട്. കേരളത്തിലെ തൊഴിലില്ലായ്മയും, വിദേശനാണ്യത്തിന്റെ ലഭ്യതയുംവച്ച് അവരുടെ പണം കൊണ്ടാണല്ലോ നമ്മളൊക്കെ ഇവിടെ ജീവിക്കുന്നത്. ഇവിടെ ഉല്പാദനം ഇല്ലല്ലോ. അതുകൊണ്ട് ഇക്കാര്യങ്ങൾകൂടി വച്ചാണ് എൽ.ഡബ്ല്യു.എ.യുടെ കാര്യത്തിൽ ഒരു ഇളവുള്ള സമീപനം സ്വീകരിച്ചത്. മെഡിക്കൽ കോളേജുകളിലെ പ്രൊമോഷന് ഐ.എം.സി. പറയുന്ന രീതിയിൽ ടീച്ചിംഗ് എക്സ്പീരിയൻസ് നോക്കാതിരിക്കാൻ പറ്റുകയില്ല. ഉദാഹരണം കാണിച്ചാൽ പരിശോധിക്കാം. അവരുടെ ഒരു ട്യൂട്ടർ അസിസ്റ്റന്റ് പ്രൊഫസറാകണമെങ്കിൽ, ഒരു അസിസ്റ്റന്റ് പ്രൊഫസർ അസോസിയേറ്റ് പ്രൊഫസറാകണമെങ്കിൽ, ഒരു അസോസിയേറ്റ് പ്രൊഫസർ പ്രൊഫസറാകണമെങ്കിൽ അവർക്ക് ടീച്ചിംഗ് എക്സ്പീരിയൻസ് ഉണ്ട്. അവരുടെ

ടീച്ചിംഗ് എക്സ്പീരിയൻസിന് വിരുദ്ധമായി പ്രൊമോഷൻ കൊടുത്തിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം പരിശോധിച്ച് തീരുമാനമെടുക്കേണ്ട കാര്യമാണ്.

2 (*282) ആരോഗ്യ വകുപ്പിൽനിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ അധികാരങ്ങൾ

ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിനുശേഷം ഇവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ആരോഗ്യ വകുപ്പിൽനിന്നും എന്തെല്ലാം അധികാരങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ആശുപത്രികളുടെ ചുമതല ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതുവരെ കൈമാറിയ ആരോഗ്യ കേന്ദ്രങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ആശുപത്രികളുടെ വികസനത്തിനും ആരോഗ്യപദ്ധതി നടപ്പിലാക്കുന്നതിനും ആരോഗ്യവകുപ്പ് ഏതെല്ലാം കാര്യങ്ങളാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) . സർ,

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആരോഗ്യവകുപ്പിലേയും നാട്ടുചികിത്സാ വകുപ്പിലേയും ഹോമിയോ വകുപ്പിലേയും ജില്ലാ ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ നടത്തിപ്പും നിയന്ത്രണവും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. അത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനപുരോഗതി ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാതലത്തിൽ നടത്തുന്ന സമ്മേളനത്തിലും വകുപ്പുസെക്രട്ടറിയും വകുപ്പദ്ധ്യക്ഷനും സംസ്ഥാനതലത്തിൽ നടത്തുന്ന സമ്മേളനത്തിലും ഓരോ മാസവും വിലയിരുത്താറുണ്ട്. കൂടാതെ വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി അതത് തദ്ദേശഭരണ സ്ഥാപനങ്ങളും വിലയിരുത്തുന്നു.

(ബി) ജില്ലാ ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ നിയന്ത്രണവും മേൽനോട്ടവും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ പൊതുജനാരോഗ്യം സംരക്ഷിക്കാനും മെച്ചപ്പെടുത്തുവാനുമുള്ള നടപടികൾ, സാംക്രമിക രോഗങ്ങൾക്കെതിരായുള്ള രോഗപ്രതിരോധ നടപടികൾ, ആരോഗ്യപരിപാലന ബോധവൽക്കരണം, മയക്കുമരുന്നിലും മദ്യപാന

LIBRARY ARCHIVES Kerala Legislative Assembly